# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3820 | 15.03.2017 - ൽ മറുപടിയ്ക്ക് |
|---|---|

### സെയിൽസ് ടാക്സ് കുടിശ്ശിക ഈടാക്കുന്നതു സംബന്ധിച്ച പരാതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.മോൻസ് ജോസഫ് | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |
| (എ) | സെയിൽസ് ടാക്സ് കുടിശ്ശിക തവണവ്യവസ്ഥയിൽ കൃത്യസമയത്ത് അടച്ചുതീർത്ത ശ്രീ. ഡെന്നീസ് ഡിസൂസ, റെക്സ് എന്റർപ്രൈസസ്, സീതങ്കോളി, കാസർഗോഡ് എന്ന വ്യക്തിക്ക് വീണ്ടും പിഴപ്പലിശ അടയ്ക്കുവാൻ നിർദ്ദേശം നൽകിയതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | ശ്രീ. ഡെന്നീസ് ഡിസൂസ, റെക്സ് എന്റർപ്രൈസസ്, സീതങ്കോളി, എന്ന വ്യക്തിക്ക് കാസർഗോഡ് വാണിജ്യ നികുതി കാര്യാലയത്തിൽ 2013-14 വർഷത്തിൽ വാറ്റ് ഇനത്തിൽ 4,96,796/- രൂപ കുടിശ്ശികയുണ്ടായിരുന്നു. ടിയാൾ 5,25,000/- രൂപ അടച്ചെങ്കിലും അതിൽ 4,40,124/- രൂപ മാത്രമേ നികുതിയിനത്തിൽ വരവു വരുന്നുള്ളൂ. ബാക്കി തുക നിയമപ്രകാരം ഈടാക്കിയ പലിശയും കളക്ഷൻ ചാർജ്ജുമാണ്. ആയതിനാൽ ഇപ്പോൾ നികുതിയിനത്തിൽ 56,672/- രൂപ ബാക്കിയാണെന്നും ഉടൻതന്നെ പലിശയടക്കം അടച്ചുതീർക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.<br>കുടിശ്ശിക തവണകളായി അടയ്ക്കുമ്പോൾ ഓരോ അടവു സമയത്തും അടവു സമയം വരെയുള്ള പലിശ കണക്കാക്കി അടച്ച തുകയിൽ നിന്നും വരവു വച്ചതിനുശേഷം മാത്രമാണ് മുതലിലേയ്ക്ക് വരവു വച്ചിട്ടുള്ളത്. ഇത് നിയമം അനുശാസിക്കുന്ന വിധമാണ് ചെയ്തിട്ടുള്ളത്. |
| (ബി) | ഇതുസംബന്ധിച്ച് ശ്രീ.ഡെന്നീസ് ഡിസൂസ ബഹു. ധനകാര്യ വകുപ്പ മന്ത്രിക്ക് 10/2/2017 - ൽ നൽകിയ നിവേദനത്തെത്തുടർന്ന് സ്വീകരിച്ച | (ബി) | ശ്രീ.ഡെന്നീസ് ഡിസൂസ ബഹു. ധനകാര്യ വകുപ്പ മന്ത്രിക്ക് 10/2/2017 - ൽ നൽകിയ നിവേദനം 13/02/2017 ൽ വാണിജ്യ നികുതി കമ്മീഷണർക്ക് |

| | | | |
|---|---|---|---|
| | നടപടികൾ വ്യക്തമാക്കാമോ; ഈ പരാതിയുടെ സെക്രട്ടേറിയറ്റ് ഫയൽ നമ്പർ അറിയിക്കാമോ ? | | 1209007/2017/എഫ്.എം നമ്പറായി അയച്ചു കൊടുത്തിട്ടുണ്ട്. പ്രസ്തുത നിവേദനം വാണിജ്യ നികുതി കമ്മീഷണറുടെ പരിശോധനയിലാണ്. |

**സെക്ഷൻ ഓഫീസർ**